ഉത്തരവ് പുറപ്പെടുവിക്കുന്നത്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ട വ്യക്തികളെ തടങ്കലിൽവയ്ക്കുന്നതിലേക്കായി വീണ്ടും കേസുകൾ രജിസ്റ്റർ ചെയ്യേണ്ടതില്ല. രാഷ്ട്രീയ പ്രവർത്തകരാണ് എന്നതിനാലോ, രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കെടുത്തു എന്ന കാരണത്താലോ ആർക്കെങ്കിലും എതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ നിയമപ്രകാരം കരുതൽ തടങ്കലിൽവയ്ക്കുന്നവരുടെ രാഷ്ട്രീയ ബന്ധങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല.

സംസ്ഥാന പോലീസ് വകുപ്പിൽ അനുവദിച്ച തസ്തികകൾ

172 (2041) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊലീസ് വകുപ്പിലെ വാഹനങ്ങളുടെ എണ്ണത്തിനനുസൃതമായി ഡ്രൈവർമാർ, മറ്റ് സാങ്കേതിക വിദഗ്ധർ എന്നിവരുടെ തസ്തികകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. കേരള പോലീസ് വകുപ്പിലെ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർമാരുടെയും സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസ് സേനയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

173 (2042) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരുടെ എത്ര തസ്തികകളാണ് ആകെയുള്ളത് ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; എത്രകാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ;വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ അവസാനമായി നിയമനം നടത്തിയത് എപ്പോഴാണ് ;

(സി) പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly